## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ദിപിൻ.എസ്, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. എ1- 1837(2)/14/ജി.മെ.ആ എറണാകുളം തീയതി 31.07.2014
2. ഉത്തരവ് നം. എഫ്- 3641(6)/17/ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തീയതി 06.02.2017
3. സ ഉ(സാധാ) നം.1403/2017/ആ.കു.വ തീയതി 18.05.2017
4. ഡോ. ദിപിൻ.എസ് -ന്റെ 18.07.2017 ലെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1-34607/17/ആ.വ.ഡ തീയതി 01.08.2017**

തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റായി ജോലി നോക്കി വരവെ ഡോ. ദിപിൻ.എസ് -ന് സർവ്വീസ് ക്വാട്ടയിൽ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി മൂന്നു വർഷത്തെ കോഴ്സിന് (01.08.2014 മുതൽ 31.07.2018 വരെ) പ്രവേശനം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം 31.07.2014 അപരാഹ്നത്തിൽ ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്തിരുന്നു.

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി (ഡി.എം നെഫ്രോളജി) പഠനം തുടരവെ ഡോ. ദിപിൻ.എസ് -ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ലക്ചററായി നിയമന ഉത്തരവ് ലഭിക്കുകയും പഠനം പൂർത്തിയാകുന്ന 31.07.2017 വരെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം പരാമർശം (3) ലെ ഉത്തരവ് പ്രകാരം സർക്കാർ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

31.07.2017ൽ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി പഠനം പൂർത്തിയാക്കുന്ന ഡോ.ദിപിൻ.എസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലക്ചററായി ജോലിയിൽ പ്രവേശിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഡോ. ദിപിൻ.എസ്, 31.07.2014 ൽ തന്നെ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി പഠനത്തിനായി ആരോഗ്യവകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാൽ, ടിയാനെ കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ലക്ചറർ തസ്തികയിലേക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ട് ഡോ. ദിപിൻ.എസിന്റെ സ്പാർക്ക് വിവരങ്ങളും അനുബന്ധ രേഖകളും കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിന് കൈമാറേണ്ടതാണ്.

സർവ്വീസ് ക്വാട്ടയിൽ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിന് ഡോ. ദിപിൻ.എസിന് പ്രവേശനം കിട്ടിയതിനാൽ, സ.ഉ(സാധാ) നം.2222/14/ആ.കു.വ തീയതി 01.07.2014 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 2014 ലെ പി.ജി സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിലെ 8.1.2, 13.1.2 എന്നീ ഖണ്ഡികകളിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവ് പി.ജി സൂപ്പർ സ്പെഷ്യാലിറ്റി പഠനം പൂർത്തിയാക്കിയ ശേഷം സർക്കാർ സേവനം നടത്തേണ്ടതാണ്.

ഡോ. ദിപിൻ.എസ് കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ച വിവരം അറിയിക്കേണ്ടതും ബന്ധപ്പെട്ട ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുളള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്
ഡോ. ദിപിൻ.എസ്,
ജൂനിയർ കൺസൽട്ടന്റ് (ജനറൽ മെഡിസിൻ)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, മെഡിക്കൽ കോളേജ്.പി.ഒ, തിരുവനന്തപുരം
3. പ്രിൻസിപ്പാൾ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം
4. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), നറണാകുളം
5. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ.

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**